

# ഭൂഗർഭജലം ഊറ്റൽ ആർക്കും അവകാശമില്ല, മാസ്റ്റർ പ്ലാൻ വേണം


കെ. രാധാകൃഷ്ണൻ

(മുൻ ഡെപ്യൂട്ടി മേയർ, തൃശൂർ കോർപ്പറേഷൻ, കോൺഗ്രസ്സ് (ഐ))


1. സർക്കാരിന് സ്റ്റേ ചെയ്യുവാനുള്ള അധികാരമുണ്ട്, പക്ഷേ ചെയ്ത പ്രവർത്തി ശരിയല്ല. ഇക്കാര്യം സർക്കാരിന് അറിയാവുന്ന കാര്യമാണ്. ഇത് കത്തിനിന്ന പ്രശ്നവുമാണ്, കമ്പനി പാടില്ല.

2. ഭൂഗർഭജലം ഊറ്റുന്നത് - അത് കമ്പനിയായാലും വ്യക്തികളായാലും ഒട്ടും യോജിക്കുന്നില്ല. കൃഷിയാവശ്യത്തിനായാൽപോലും ജലം ഖനനം ചെയ്യുന്നത് അനുവദിക്കാൻ പാടില്ല. (ഭൂഗർഭജലം ഭാവിയിലേക്കുള്ള നിക്ഷേപം തന്നെ. എന്നാൽ അത് ആർക്കും എടുക്കാൻ അവകാശമില്ല. അത്ര അമൂല്യമാണത്. ഇക്കാര്യത്തിൽ ഇസ്രായേൽ മാതൃക നമുക്കും പരിഗണിക്കാവുന്നതാണ്.)

3. പെപ്സി കമ്പനിയും പാടില്ല, അടച്ചുപൂട്ടാൻ സർക്കാർ തീരുമാനിക്കേണ്ടതാണ്.

4. പ്രകൃതി വിഭവ ഓഡിറ്റിനായി ജനകീയ കമ്മീഷനെ നിയമിക്കണം. ചുരുങ്ങിയത് 25 കൊല്ലത്തെ മാസ്റ്റർ പ്ലാൻ- ഏതൊക്കെ പ്രദേശങ്ങളിൽ എന്തൊക്കെ പറ്റും എന്നത് മുമ്പേ വ്യക്തമാക്കണം. തർക്ക വിഷയങ്ങളൊഴിച്ചുള്ളവ മാത്രമെ അനുവദിക്കേണ്ടതുള്ളൂ. ഒരിക്കൽ ധാരണയായാൽ പിന്നെ മാറ്റങ്ങൾ അരുത്.

ക) അപകടകരമായ, ദീർഘകാല നിലനിൽപ്പില്ലാത്ത, സ്ഥാപനങ്ങളും രീതികളും നിലനിർത്താനാവില്ല. വ്യക്തമായ ധാരണ ഇവയെക്കുറിച്ച് മുമ്പേ ഉണ്ടാക്കണം. നിലനിൽപ്പില്ലാത്തവയ്ക്ക് പ്രത്യേക സംരക്ഷണ ഉപാധികൾ പലപ്പോഴും സാധ്യമല്ല, പ്രായോഗികമായി എളുപ്പവുമല്ല. ഇവ വരാതിരിക്കാൻ ശ്രദ്ധിക്കലാണ് മുഖ്യം.

ഖ) പരിശോധിക്കുന്നതിനെക്കുറിച്ച് യോജിപ്പാണ്, വിദഗ്ധരുൾപ്പെടുന്ന സമിതി കൂടിയാലോചിച്ച് ചെയ്യാം.

ഗ) ജനകീയാടിസ്ഥാന മാർഗ്ഗരേഖയോട് യോജിപ്പുണ്ട്, നല്ലതാണ്.

5. കഴിഞ്ഞ 23 കൊല്ലത്തെ എന്റെ അനുഭവത്തിൽ പറയാം.. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം വേണം. എന്നാൽ അപ്പീലിങ്ങ് അതോറിറ്റിയായി സർക്കാരുണ്ടാവണം. നിയമം കൊണ്ടുവന്നാൽ മാത്രം മതി. നടപ്പാക്കാനുള്ള ഇച്ഛാശക്തിയും അത്യാവശ്യം. എന്നാൽ ഇത്തരം വിഷയങ്ങൾ തിരഞ്ഞെടുപ്പിലുന്നയിക്കേണ്ടതില്ല.

# സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾ ശക്തിപ്പെടുത്തുക ഒരേയൊരു വഴി


പി.എൻ. പ്രോവിന്റ്

(സി.പി.ഐ. (എം.എൽ.) റെഡ് ഫ്ളാഗ്/ഇടതുമുന്നണി തൃശൂർ ലോകസഭാ സ്ഥാനാർത്ഥി, യുവജനവേദി സംസ്ഥാന പ്രസിഡണ്ട്)


ആഗോളവൽക്കരണ നയങ്ങളുടെ പശ്ചാത്തലത്തിൽ, സർക്കാർ നിയന്ത്രണത്തിലുള്ള ദേശീയ വികസനത്തിന്റെയും സ്വാശ്രയത്വത്തിന്റെയും ദിശയിലുണ്ടായ എല്ലാ ചുവടുവെയ്പ്പുകളും ഇന്ന് പിറകോട്ടടിക്കപ്പെട്ടിട്ടുണ്ട്. നവ ലിബറൽ ആഗോളവൽക്കരണ നയങ്ങൾ ദേശീയ വികസനത്തിന് തികച്ചും എതിരാണ്. ഇത്തരം പശ്ചാത്തലത്തിൽ വ്യവസായ മുതൽമുടക്ക്, കേവല വികസന ചിന്തകൾ മുതലായവ ആഗോള ധനമൂലധന താൽപര്യങ്ങളുമായി ബന്ധപ്പെടാതെ പരിശോധിക്കുക അസാദ്ധ്യമായി തീർന്നിട്ടുണ്ട്.

ആഗോളവൽക്കരണ നവ ലിബറൽ വികസനനയം രാജ്യത്തെ ദേശീയ വ്യവസായത്തെയും കാർഷിക ഉൽപ്പാദന ഘടനയെയും ആഴത്തിൽ തന്നെ തകർത്തിട്ടുണ്ട്. ഇത് ഒരു വശത്ത് അവവ്യവസായവൽക്കരണത്തിലേക്കും തുടർന്ന് വലിയ തൊഴിലില്ലായ്മയിലേക്കും ജീവിത തകർച്ചയിലേക്കും നയിക്കുന്നു. മറുവശത്ത് അമിതമായ പ്രകൃതി വിഭവചൂഷണത്തിലേക്കും വൻ പരിസ്ഥിതി തകർച്ച ഉളവാക്കുന്ന നർമദ, എക്സ്പ്രസ്സ് ഹൈവേ തുടങ്ങിയ വികസന സങ്കൽപ്പത്തിലേക്കുമാണ് നയിക്കുന്നത്.

ആഗോള മൂലധന പ്രതിസന്ധി ഇറാഖ് കടന്നാക്രമണത്തിലേക്കും കാർഷിക മേഖലയുടെ തകർച്ച സൃഷ്ടിച്ച കൂട്ട ആത്മഹത്യയിലേക്കും ദളിത്-സ്ത്രീ-ആദിവാസി മേഖലകളിലെ പൗരാവകാശ ജനാധിപത്യ നിഷേധത്തിലേക്കും പരിസ്ഥിതി - ആവാസ മേഖലകളുടെ തകർച്ചയിലേക്കും നയിക്കുമെന്നത് ഇന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. 14-ാം ലോകസഭാ തിരഞ്ഞെടുപ്പിൽ ഇത്തരം പ്രശ്നങ്ങൾ ഗൗരവമായി പരിഗണിക്കപ്പെടേണ്ടതുണ്ട് എന്നതാണ് സി.പി.ഐ. (എം.എൽ) റെഡ് ഫ്ളാഗിന്റെ തെരഞ്ഞെടുപ്പിന്റെ പ്രകടനപത്രിക ജനങ്ങൾക്ക് മുന്നിൽ വെക്കുന്നത്.

കുടിവെള്ളത്തെ വിൽപ്പനചരക്കാക്കുന്ന അനിയന്ത്രിതമായി ഭൂഗർഭജലം ഊറ്റുന്ന കൊക്കോ-പെപ്സി കമ്പനികൾ പൂർണമായും അടച്ചുപൂട്ടണമെന്നും പരിസ്ഥിതി തകർച്ചമൂലവും ഉൽപ്പന്നാവശിഷ്ടങ്ങളുടെ വിഷമാലിന്യങ്ങളിൽ നിന്നും സംഭവിച്ച പരിസ്ഥിതി മനുഷ്യ ആഘാതങ്ങൾക്ക് നഷ്ടപരിഹാരം നൽകേണ്ടതുമുണ്ട്.

ഭോപ്പാൽ, നർമ്മദ, മാവൂർ, കരിമുകൾ തുടങ്ങിയ വ്യവസായിക - വികസനാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ കരിമണൽ ഖനനം, കടൽമണൽ ഖനനം തുടങ്ങി മറ്റ് പ്രകൃതി വിഭവ ചൂഷണത്തിന് കാരണമാകുന്ന വ്യവസായങ്ങളെ കുറിച്ച് ഗൗരവമായ പുനഃപരിശോധന ആവശ്യമാണ്.

ഇത്തരം സാഹചര്യത്തിലും ലോകത്ത് സാമ്രാജ്യത്വ ഏജൻസികൾ നടത്തിയ വികസന സർവ്വേകളുടെ അനുഭവ അടിസ്ഥാനത്തിലും പ്രകൃതി വിഭവ ഓഡിറ്റുകൾ പോലുള്ളവയിൽ ജനകീയ താൽപര്യങ്ങൾ പ്രതിഫലിക്കുക അസാദ്ധ്യമാണ്.

ധന-മൂലധനത്തിന്റെ സ്വഭാവം സാർവ്വദേശീയമായി പരിശോധിക്കുമ്പോൾ തുറന്ന വിഭവ ചൂഷണത്തിന്റെയും ഊഹകച്ചവടത്തിന്റെയും ലാഭ താൽപ്പര്യമല്ലാതെ ഉൽപ്പാദനത്തിന്റേയോ തൊഴിലിന്റേയോ മണ്ഡലത്തിൽ യാതൊരു സംഭാവനയും അതിന് നൽകാനില്ല. അതുകൊണ്ട് തന്നെ ജിം പോലുള്ള മാമാങ്കങ്ങൾ കേരളത്തിന്റെ പ്രകൃതിവിഭവങ്ങളുടെ മൊത്തലേലത്തിന്റെ ശ്രമമായല്ലാതെ ഗൗരവപ്പെട്ട വികസനാന്വേഷണമായി കരുതേണ്ടതില്ല.

സാമ്രാജ്യത്വ അധികാര കേന്ദ്രങ്ങൾ മുന്നോട്ട് വെച്ച അധികാര വികേന്ദ്രീകരണത്തെ കേരള ജനത ഇന്ന് രാഷ്ട്രീയമായി തള്ളിക്കളഞ്ഞിട്ടുണ്ട്. സാമ്രാജ്യത്വ അജണ്ടക്കെതിരെയുള്ള സാമ്രാജ്യത്വ വിരുദ്ധ ജനാധിപത്യ പരിപാടിയുടെ അടിസ്ഥാനത്തിലുള്ള സമരങ്ങളെ ശക്തിപ്പെടുത്തുക എന്നത് മാത്രമാണ് വികസനത്തെ കുറിച്ചും ജനങ്ങളുടെ അധികാരത്തെ കുറിച്ചുമുള്ള സമഗ്രവും ജനകീയവുമായ പദ്ധതി.